ഉത്തരം

2014-15 വർഷത്തിൽ 203 ബസ്സുകളും 2015-16 വർഷത്തിൽ (നവംബർ മാസം വരെ) 401 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ JnNURM പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 45 ബസ്സുകളും 2015-16 വർഷത്തിൽ (നവംബർ മാസം വരെ) 237 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

YEAR	KSRTC	JnNURM	Total
2014-15	203	45	248
2015-16	401	237	638
Total	604	282	886

ഓരോ ജില്ലയ്ക്കും അനുവദിച്ച ബസ്സുകളുടെ എണ്ണം, ഇനം തിരിച്ചും ജില്ല തിരിച്ചും അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ പഞ്ചിംഗ് സംവിധാനം

325 (2154) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിലുൾപ്പെടെ എതൊക്കെ ഡിപ്പോകളിൽ ജീവനക്കാരുടെ വരവ് പോക്ക് രേഖപ്പെടുത്തുന്ന പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കുന്നതെങ്ങനെയെന്നും ഇതിന്റെ ഉദ്ദേശം എന്താണെന്നും വിശദമാക്കുമോ ;

(സി) ഉദ്യോഗസ്ഥരുടെ ജോലി സമയത്തെ കൃത്യത പരിശോധിക്കുന്ന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) ഇവിടെ പഞ്ചിംഗ് സംവിധാനം നിലനിർത്തുന്നതിന് ഗവൺമെന്റിന് ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ കേന്ദ്ര ഓഫീസിൽ പഞ്ചിംഗ് സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മറ്റ് 70 യൂണിറ്റുകളിൽ ഇതിന്റെ വിവരശേഖരണം നടന്നുവരികയും പഞ്ചിംഗ് ഡിവൈസ് സ്ഥാപിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ പഞ്ചിംഗ് പരിശോധിച്ചുവരികയുമാണ്.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് പ്രസ്തുത സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ഹാജർ വിവരങ്ങളിൽ കൃത്യത ഉറപ്പുവരുത്താനും താമസിച്ചുവരികയോ, നേരത്തേ പോകുകയോ ചെയ്താൽ ആ വിവരം കൃത്യമായി അറിയുവാനും കഴിയും, ഇതോടൊപ്പം ഫോട്ടോ പതിച്ച ആർ.എഫ്.ഐ.ഡി. സംവിധാനത്തോടുകൂടിയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നു. ഈ തിരിച്ചറിയൽ കാർഡ് യാത്രാപാസായും ഉപയോഗിക്കാൻകഴിയുംവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

(സി) 2015 ഡിസംബർ 1 മുതലാണ് കേന്ദ്ര ഓഫീസിൽ പ്രാവർത്തികമാക്കിയത്. മറ്റു യൂണിറ്റുകളിൽ പരീക്ഷണഘട്ടത്തിലാണ്.

(ഡി) പഞ്ചിംഗ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്കെതിരെ ഇതുവരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) പഞ്ചിംഗ് സംവിധാനം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

326 (2155) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?